**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4922** **04-07-2024 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ തീരദേശ ഹൈവേയുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയുടെ നിർമ്മാണത്തിനായി നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | തീരദേശ ഹൈവേ പദ്ധതിയ്ക്കായി 6500 കോടി രൂപയ്ക്ക് ഭരണാനുമതിയും വൈപ്പിൻ മണ്ഡലത്തിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേ പുതുവൈപ്പ് - മുനമ്പത്തിന്റെ സ്ഥലമേറ്റെടുക്കലിനായി 238.66 കോടി രൂപക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിനായി റവന്യൂ (ബി) ഉത്തരവും നൽകിയിട്ടുണ്ട്. ഇതേ തുടർന്ന് തീരദേശ ഹൈവേക്കായി അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനായി 6(1) നോട്ടിഫിക്കേഷൻ ഗസറ്റ് വിജ്ഞാപനം ഇറക്കുകയും അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പൊന്നുംവില ഉദ്യോഗസ്ഥരുമായി (സ്പെഷ്യൽ തഹസിൽദാർ കിഫ്ബി) സംയുക്ത സ്ഥല പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇതേ തുടർന്ന് 4(1) നോട്ടിഫിക്കേഷൻ, ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹിക പ്രത്യാഘാത വിലയിരുത്തൽ പഠനം പൂർത്തീകരിച്ച് 2024 ജൂണിൽ പൊതുജന അഭിപ്രായ സ്വീകരണവും നടത്തിയിട്ടുണ്ട്. നിലവിൽ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ റവന്യൂ വകുപ്പിന് കീഴിൽ നടന്നുവരുന്നു. |
| (ബി) | ഇതു സംബന്ധിച്ച സാമൂഹ്യാഘാത പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | CSES എന്ന ഏജൻസി നടത്തിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് റിപ്പോർട്ട് CSES വെബ് സൈറ്റിൽ 25.05.2024-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും നൽകിയിട്ടുണ്ട്. പബ്ലിക് ഹിയറിംഗിലെ വിവരശേഖരണങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് CSES പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത പഠന റിപ്പോർട്ട് പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ എത്ര കുടുംബങ്ങളേയും | (സി) | പ്രസ്തുത കരട് റിപ്പോർട്ടിൻ പ്രകാരം വൈപ്പിൻ മണ്ഡലത്തിലെ പദ്ധതി ബാധിതരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | സ്ഥാപനങ്ങളേയും തീരദേശ ഹൈവേ നിർമ്മാണം ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | | പദ്ധതി നേരിട്ട് ബാധിക്കുന്ന കുടുംബങ്ങൾ - 741<br>പദ്ധതി പരോക്ഷമായി ബാധിക്കുന്ന കുടുംബങ്ങൾ - 48<br>പദ്ധതി നേരിട്ട് ബാധിക്കുന്ന കെട്ടിടങ്ങൾ , വീടുകൾ - 301<br>വരുമാനദായക കെട്ടിടങ്ങൾ - 141<br>രണ്ടും ചേർന്നുള്ള കെട്ടിടങ്ങൾ - 16<br>മാറ്റി താമസിപ്പിക്കേണ്ടതായി വരുന്ന കുടുംബങ്ങൾ - 205<br>ജീവനോപാധി നഷ്ടപ്പെടുന്ന കുടുംബങ്ങൾ - 493<br>മാറ്റി സ്ഥാപിക്കേണ്ട കച്ചവട സ്ഥാപനങ്ങൾ - 116 |
| (ഡി) | അവർക്കായുള്ള പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (ഡി) | തീരദേശ ഹൈവേയുമായി ബന്ധപ്പെട്ട് ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് 10.03.2023 തീയതിയിലെ G.O.(MS) No.50/2023/RD ഉത്തരവ് പ്രകാരം പ്രത്യേക പുനരധിവാസ പുനരുദ്ധാരണ പാക്കേജ് കേരള സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ